വിദേശത്തേക്ക് പോകുന്ന മലയാളി ആർജ്ജിക്കുന്ന അന്തർദേശീയബന്ധം, അനുഭവജ്ഞാനം, കാലോചിതമായി പരിഷ്ക്കരിക്കപ്പെട്ട തൊഴിൽ വൈദഗ്ദ്ധ്യം, മെച്ചപ്പെട്ട സമ്പാദ്യം എന്നീ അനുകൂല ഘടകങ്ങൾ ഏകീകരിച്ച് അവരുടെ പുനരധിവാസം ലക്ഷ്യമിടുന്ന പദ്ധതികളും 'റൂട്ട്സ്' ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

ഗൾഫ് രാജ്യങ്ങളിലെ തൊഴിലാളികൾ

84 [3781] *ശ്രീമതി ശോഭനാ ജോർജ്ജ്:*
ശ്രീ. എം. എ. വാഹീദ്:
,, *എ. സുജനപാൽ:*
,, *കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് എത്ര പേർ ഗൾഫ് രാജ്യങ്ങളിൽ ഇപ്പോൾ തൊഴിൽ ചെയ്യുന്നുണ്ട്;

(ബി) പ്രതിവർഷം എത്രപേർ വീതം പ്രസ്തുത രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നുണ്ട്;

(സി) ഗൾഫ് രാജ്യങ്ങളിൽ ജോലിയിലേർപ്പെട്ടിട്ടുള്ളവർ പ്രതിവർഷം നാട്ടിലേക്ക് ഒട്ടാകെ എന്തു തുക അയയ്ക്കുന്നതായാണ് കണക്കാക്കുന്നത്;

(ഡി) ഗൾഫിൽ ജോലി ചെയ്യുന്നവരുടെ ബന്ധുക്കളെ സഹായിക്കാൻ എന്തെല്ലാം പരിപാടികളുണ്ട്?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2003-2004-ൽ 18,465 കോടി രൂപ വിദേശ രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്ക് വന്നതായും ഇതിൽ ഏകദേശം 91.5 ശതമാനം തുക ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ളതാണെന്നും സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനത്തിൽ വെളിവായിട്ടുള്ളതായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

(ഡി) ഗൾഫിൽ ജോലി ചെയ്യുന്നവരുടെ നാട്ടിലുള്ള ബന്ധുക്കളുടെ പരാതിയിൻമേൽ സർക്കാർ സത്വര നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly